പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1999 26.03.2013-ൽ മറുപടിയ്ക്ക്

## കോൺക്രീറ്റ് പോസ്റ്റുകളുടെ വില.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

(എ) കെ. എസ്. ഇ. ബി ക്ക് ആവശ്യമായ കോൺക്രീറ്റ് പോസ്റ്റുകൾ വിതരണം ചെയ്യുന്നത് ഏതു സ്ഥാപനമാണ് ;

(എ) ഇപ്പോൾ രണ്ടു സ്ഥാപനങ്ങളാണ് കോൺക്രീറ്റ് പോസ്റ്റുകൾ വിതരണം ചെയ്യുന്നത്.

i) M/s ഇമ്പീരിയൽ ട്രേഡിംഗ് കമ്പനി.

ii) M/s വേണാട് സ്ലക്ചറൽസ്.

(ബി) ഒരു പോസ്റ്റിന് എത്ര രൂപയാണ് കെ. എസ്. ഇ. ബി നൽകുന്നതെന്നറിയിക്കുമോ ;

(ബി) പോസ്റ്റുകളുടെ വില താഴെ പറയുന്നു

| ക്രമ നമ്പർ | സർക്കിൾ | കമ്പനി | പോസ്റ്റുകളുടെ വില | | |
|---|---|---|---|---|---|
| | | | 7 മീ | 8 മീ | 9 മീ |
| 1 | തിരുവനന്തപുരം (അർബൻ) | M/s ഇമ്പീരിയൽ ട്രേഡിംഗ് കമ്പനി | - | - | 2390.91 |
| 2 | ആലപ്പുഴ | M/s വേണാട് സ്ലക്ചറൽസ് | - | - | 2278.74 |

വിലയിൽ 1/2012 (തിരുവനന്തപുരം), 7/2011 (ആലപ്പുഴ) വരെയുള്ള വില വ്യതിയാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ടാക്സുകളും ഡ്യൂട്ടികളും ഉൾപ്പെടുത്തിയിട്ടില്ല.

(സി) ഉപഭോക്താക്കളിൽ നിന്ന് ഒരു പോസ്റ്റിന് എത്ര രൂപയാണ് കെ. എസ്. ഇ. ബി ഈടാക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഉപഭോക്താക്കളിൽ നിന്നും ഒരു പോസ്റ്റിന് ഇപ്പോൾ ഈടാക്കുന്ന തുക ചുവടെ ചേർക്കുന്നു.

| | |
|---|---|
| 7 മീറ്റർ പോസ്റ്റ് | രൂ. 1,111.00 |
| 8 മീറ്റർ പോസ്റ്റ് | രൂ. 1,353.00 |
| 9 മീറ്റർ പോസ്റ്റ് | രൂ. 2,189.00 |

സംസ്ഥാന വൈദ്യുത റഗുലേറ്ററി കമ്മീഷൻെറ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന പുതുക്കിയ നിരക്കുകൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| 7 മീറ്റർ പോസ്റ്റ് | രൂ. 1,741.00 |
| 8 മീറ്റർ പോസ്റ്റ് | രൂ. 2,141.00 |
| 9 മീറ്റർ പോസ്റ്റ് | രൂ. 3,353.00 |

(ഡി) നിശ്ചിത വരുമാനത്തിൽ താഴെയുള്ള അപേക്ഷകർക്ക് പോസ്റ്റുകൾ സൗജന്യമായി നൽകുന്നതിനും ആയതിനുള്ള കാലതാമസം ഒഴിവാക്കുന്ന തിനും നടപടി സ്വീകരിക്കുമോ ?

(ഡി) 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ വിഭാഗത്തിൽപ്പെട്ട അപേക്ഷകർ, 1000 വാട്സിന് താഴെ കണക്ടഡ് ലോഡുള്ള മറ്റ് പാവപ്പെട്ട അപേക്ഷകർ തുടങ്ങിയവർക്ക് 235 മീറ്റർ വരെ ലൈൻ നീട്ടി സിംഗിൾ ഫേസ് ഗാർഹിക വൈദ്യുതി കണക്ഷനുകൾ, പോസ്റ്റ് സ്ഥാപിക്കുന്നതുൾപ്പെടെ, സൗജന്യമായി നൽകുന്നതിനുള്ള പ്രവൃത്തികൾ ഒരു പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് സംസ്ഥാന വൈദ്യുതി ബോർഡ് റെഗുലേറ്ററി കമ്മീഷൻെറ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇത് റെഗുലേറ്ററി കമ്മീഷൻെറ പരിഗണനയിലാണ്.

കേരളത്തിലെ ഗ്രാമീണ ഭവനങ്ങളുടെ വൈദ്യുതീകരണം ലക്ഷ്യമാക്കി ആരംഭിച്ച ആർ.ജി.ജി.വി.വൈ പ്രവൃത്തികൾ ഇപ്പോൾ കേരളത്തിൽ നടന്നു വരികയാണ്. ഈ പദ്ധതിയുടെ ഒന്നാം ഘട്ടം ഇടുക്കി ജില്ലയിൽ പൂർത്തീകരിച്ചിട്ടുണ്ട്. വടക്കൻ കേരളത്തിലെ ആറ് ജില്ലകളിൽ 'ടേൺ കീ' അടിസ്ഥാനത്തിൽ വൈദ്യുതീകരണ പ്രവൃത്തികൾ നടന്നു വരുന്നു. തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ ഈ പദ്ധതി സംസ്ഥാന വൈദ്യുതി ബോർഡ് തന്നെ ഏറ്റെടുത്ത് നടത്തുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.